8078920247
malayalammissionkerala01@gmail.com

നമ്പർ 2335/23/മ.മി. തീയതി: 21.12.2023

ഡയറക്ടർ

എല്ലാ ചാപ്റ്റർ/മേഖല ഭാരവാഹികൾക്കും

മാന്യരേ,

വിഷയം : മലയാളം മിഷൻ കേരള സർക്കാർ - വിവിധ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

മേൽവിഷയത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. 2023 വർഷത്തെ വിവിധ മലയാളം മിഷൻ പുരസ്കാരങ്ങളുടെ അപേക്ഷകൾ ക്ഷണിക്കുന്നു.

1) **കണിക്കൊന്ന പുരസ്കാരം (ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും)**

മലയാളം മിഷൻ ചാപ്റ്ററുകൾക്കാണ് ഈ അവാർഡ് നൽകുന്നത്. ഓരോ ചാപ്റ്ററിലെയും അധ്യാപകരെയും വിദ്യാർഥികളെയും ഒരുമിച്ച് ഒരു യൂണിറ്റായാണ് കണക്കാക്കുന്നത്. 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. 2024 ജനുവരി 15 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. താഴെ പറയുന്ന വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1) ചാപ്റ്ററിന്റെ പേര്
- മേൽവിലാസം
- സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ
- ഫോൺ നമ്പർ
- ഇ-മെയിൽ ഐ.ഡി.
- പഠനകേന്ദ്രങ്ങളുടെ എണ്ണം
- പഠിതാക്കളുടെ എണ്ണം (കോഴ്സ് തിരിച്ച്)
- പുതുതായി പ്രവേശനം നേടിയ പഠിതാക്കളുടെ എണ്ണം
- ആകെ അധ്യാപകരുടെ എണ്ണം
- 5 വർഷം പൂർത്തിയാക്കിയ അധ്യാപകരുടെ എണ്ണം
- പങ്കെടുത്ത മത്സരങ്ങൾ
- പങ്കെടുത്ത അധ്യാപകർ
- പങ്കെടുത്ത വിദ്യാർഥികൾ

- കുട്ടിമലയാളം ക്ലബ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ.
- ചാപ്റ്ററിന്റെ സർഗാത്മക പ്രവർത്തനങ്ങൾ
(സാഹിത്യ ശിൽപ്പശാലകൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ)
- ചാപ്റ്ററിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ
(പഠനോത്സവം, പ്രവേശനോത്സവം)
- മലയാളം മിഷൻ കേന്ദ്ര ഓഫീസിൽനിന്നും നേരിട്ട് നടത്തിയിട്ടുള്ള ഓൺലൈൻ/ഓഫ്ലൈൻ അധ്യാപക പരിശീലനം, സഹവാസക്യാമ്പ്, മലയാൺമ, വിവിധ ശിൽപ്പശാലകൾ എന്നിവയിലെ പങ്കാളിത്തം. (പങ്കെടുത്ത അധ്യാപകരുടെ എണ്ണം)
- മലയാളം മിഷൻ കേന്ദ്ര ഓഫീസിൽനിന്നും നേരിട്ട് നടത്തിയിട്ടുള്ള ഓൺലൈൻ മീറ്റിംഗിലുള്ള പങ്കാളിത്തം.
- 'പരസ്പരം' മീറ്റിംഗിലുള്ള പങ്കാളിത്തം.
- ചാപ്റ്ററുകൾ സ്വന്തം നിലയിൽ അധ്യാപക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

2) റേഡിയോ മലയാളത്തിലുള്ള പങ്കാളിത്തം
- അധ്യാപകർ
- വിദ്യാർഥികൾ

3) പൂക്കാലം വെബ്മാഗസിനിലുള്ള പങ്കാളിത്തം
- അധ്യാപകർ
- വിദ്യാർഥികൾ

4) ഭൂമിമലയാളം മുഖമാസികയിലുള്ള പങ്കാളിത്തം
- അധ്യാപകർ
- വിദ്യാർഥികൾ

5) മലയാളം മിഷന്റെ സോഷ്യൽ മീഡിയാ പേജുകളോടുള്ള പ്രതികരണം
- അധ്യാപകർ
- വിദ്യാർഥികൾ

6) ചാപ്റ്ററിന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വീഡിയോ പ്രസന്റേഷൻ (പരമാവധി 20 മിനിറ്റ്)

മേൽപ്പറഞ്ഞവ തെളിയിക്കുന്നതിനുള്ള രേഖകൾ (പത്രവാർത്തകൾ, ഫോട്ടോകൾ, ഫേസ്ബുക്ക്/യൂട്യൂബ് ലിങ്കുകൾ, ഇതര സോഷ്യൽ മീഡിയാ ലിങ്കുകൾ, വീഡിയോ, ഓഡിയോ, മറ്റ് ഡിജിറ്റൽ ഡോക്യുമെന്റുകൾ, സർട്ടിഫിക്കറ്റുകൾ മുതലായവ) സഹിതം അപേക്ഷിക്കേണ്ടതാണ്.

**2) സുഗതാഞ്ജലി പ്രവാസി പുരസ്കാരം (ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും)**

**മലയാളി പ്രവാസി സംഘടനകൾ മാതൃഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പുരസ്കാരം.**

2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ സംഘടന മലയാള ഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. 2024 ജനുവരി 15 ആണ് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി. താഴെ പറയുന്ന വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

- സംഘടനയുടെ പേര്
- മേൽവിലാസം
- രജിസ്ട്രേഷൻ നമ്പർ
- സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ
- ഫോൺ നമ്പർ
- ഇ-മെയിൽ ഐ.ഡി.
- മലയാളഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ, പദ്ധതികൾ, മറ്റ് സർഗ്ഗാത്മക ഇടപെടലുകൾ
- പ്രവാസി മലയാളി കൂട്ടായ്മ എന്ന നിലയിൽ പ്രവാസ മേഖലയിൽ മലയാളിക്ക് നൽകുന്ന സാമൂഹിക-സാംസ്കാരിക പിന്തുണ.
- സംഘടനയുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വീഡിയോ പ്രസന്റേഷൻ (പരമാവധി 20 മിനിറ്റ്)

മേൽപ്പറഞ്ഞവ തെളിയിക്കുന്നതിനുള്ള രേഖകൾ (പത്രവാർത്തകൾ, ഫോട്ടോകൾ, ഫേസ്ബുക്ക്/യൂട്യൂബ് ലിങ്കുകൾ, ഇതര സോഷ്യൽ മീഡിയാ ലിങ്കുകൾ, വീഡിയോ, ഓഡിയോ, മറ്റ് ഡിജിറ്റൽ ഡോക്യുമെന്റുകൾ, സർട്ടിഫിക്കറ്റുകൾ മുതലായവ) സഹിതം അപേക്ഷിക്കേണ്ടതാണ്.

**3) മലയാളം മിഷൻ പ്രവാസി സാഹിത്യ പുരസ്കാരം**
**(25,000/- രൂപയും ഫലകവും പ്രശസ്തിപത്രവും)**

***പ്രവാസ ലോകത്തെ മലയാള സാഹിത്യ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി മലയാളം മിഷൻ ഈ വർഷം മുതൽ മലയാളം മിഷൻ പ്രവാസി സാഹിത്യ പുരസ്കാരം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. ഏറ്റവും മികച്ച കവിതാ സമാഹാരത്തിനാണ് ഈ വർഷം പുരസ്കാരം നൽകുന്നത്.***

25,000/- രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് പുരസ്കാരം. പുരസ്കാരത്തിന്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

- കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും താമസിക്കുന്ന പ്രവാസി എഴുത്തുകാരുടെ സർഗ്ഗാത്മക കൃതികളാണ് പുരസ്കാരത്തിന് പരിഗണിക്കുക.
- 2020 ജനുവരി 1 നും 2023 ഡിസംബർ 31 നുമിടയിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച മലയാള കവിതാസമാഹാരമാണ് പുരസ്കാര നിർണ്ണയത്തിന് അയയ്ക്കേണ്ടത്.
- മേൽപ്പറഞ്ഞ കാലയളവിൽ പ്രവാസിയാണെന്ന് തെളിയിക്കുന്ന രേഖയും സത്യവാങ്മൂലവും വ്യക്തിഗത വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച കവിതാ സമാഹാരത്തിന്റെ അച്ചടിച്ച 5 കോപ്പികൾ പുരസ്കാര നിർണ്ണയത്തിനായി സമർപ്പിക്കണം.
- വിവർത്തനങ്ങൾ പാടില്ല.
- അതാത് സംസ്ഥാനത്തെ/രാജ്യത്തെ മലയാളം മിഷൻ ചാപ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോടൊപ്പമാണ് പുരസ്കാരത്തിന് അപേക്ഷിക്കേണ്ടത്.
- മലയാളം മിഷന്റെ ചാപ്റ്ററുകൾ ഇല്ലാത്ത സംസ്ഥാനം/രാജ്യത്തുനിന്നുള്ള എൻട്രികൾ മിഷനിലേക്ക് നേരിട്ട് അയയ്ക്കാം. അപേക്ഷയോടൊപ്പം താമസിക്കുന്ന രാജ്യം/സംസ്ഥാനത്തുനിന്നുള്ള തിരിച്ചറിയൽകാർഡ്, പാസ്പോർട്ട് കോപ്പി, പ്രവാസിയാണെന്ന സത്യവാങ്മൂലം എന്നിവ അപേക്ഷ യോടൊപ്പം സമർപ്പിക്കണം.

- എൻട്രികൾ അയയ്ക്കേണ്ട വിലാസം

  Malayalam Mission
  TC No. 25/801(15), 7th Floor,
  Artech Meenakshi Plaza, Thycaud,
  Thiruvananthapuram-695 014
  Ph: 8891634142
- എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി: 2024 ജനുവരി 15
- സംശയങ്ങൾക്ക് വിളിക്കേണ്ട നമ്പർ:
  ആഷാ മേരി ജോൺ (7293575138)

**4) ഭാഷാമയൂരം പുരസ്കാരം (2 പേർക്ക് 25,000/- രൂപയും ഫലകവും പ്രശസ്തിപത്രവും)**

മലയാളം മിഷന്റെ ഏറ്റവും മികച്ച 2 ഭാരവാഹികൾക്ക് (ഇന്ത്യയ്ക്കകത്തും വിദേശത്തുനിന്നുമുള്ള ഓരോ ഭാരവാഹികൾ) പുരസ്കാരം നൽകും. 25,000/- രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്.

- മലയാളം മിഷൻ പഠനകേന്ദ്രങ്ങളുടെ വിപുലീകരണം
- വിവിധ മത്സരങ്ങളിലുള്ള ചാപ്റ്ററിന്റെ പ്രാതിനിധ്യം
- ഓഫ്‌ലൈൻ/ഓൺലൈൻ അധ്യാപക പരിശീലനം, സഹവാസക്യാമ്പ്, മലയാൺമ, വിവിധ ശിൽപ്പശാലകൾ എന്നിവയിലുള്ള ചാപ്റ്ററിന്റെ പങ്കാളിത്തം
- ചാപ്റ്ററിൽ നടക്കുന്ന വിവിധ പരിപാടികളുടെ ഏകോപനം
- ചാപ്റ്ററിന്റെ നേതൃത്വത്തിൽ മലയാള ഭാഷ, കല, സാഹിത്യം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പരിപാടികളുടെ വിശദാംശങ്ങൾ.
- ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിൽക്കൂടി ലോകമെമ്പാടും എത്തിക്കുന്നതിനുള്ള മികവ്
- പ്രവേശനോത്സവം, പഠനോത്സവം എന്നീ അക്കാദമിക പ്രവർത്തനങ്ങളിലുള്ള മികവ്
- മലയാളം മിഷൻ കേന്ദ്ര ഓഫീസ് നടത്തുന്ന വിവിധ അറിയിപ്പുകൾ അധ്യാപകരിലേക്കും വിദ്യാർഥികളിലേക്കും രക്ഷിതാക്കളിലേക്കും എത്തിക്കുന്നതിലുള്ള മികവ്
- മലയാളം മിഷൻ കേന്ദ്ര ഓഫീസ് നടത്തുന്ന വിവിധ യോഗങ്ങളിലുള്ള പങ്കാളിത്തം, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ചാപ്റ്റർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലുള്ള മികവ്
- ചാപ്റ്ററിലെ മറ്റു ഭാരവാഹികൾ, അധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുമായുള്ള ബന്ധം
- ചാപ്റ്ററിലെ ലൈബ്രറി പ്രവർത്തനം
- കലാ-സാഹിത്യാദി വിഷയങ്ങളിലുള്ള അഭിരുചി
- റേഡിയോ മലയാളം, പൂക്കാലം വെബ്മാഗസിൻ, ഭൂമിമലയാളം മുഖമാസിക എന്നിവയിലുള്ള പങ്കാളിത്തം
- മലയാളം മിഷന്റെ സോഷ്യൽ മീഡിയാ പേജുകളോടുള്ള പ്രതികരണം
- ലഭിച്ച പുരസ്കാരങ്ങൾ, മറ്റു നേട്ടങ്ങൾ.

എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം (പത്രവാർത്തകൾ, ഫോട്ടോകൾ, ഫേസ്ബുക്ക്/യൂട്യൂബ് ലിങ്കുകൾ, ഇതര സോഷ്യൽ മീഡിയാ ലിങ്കുകൾ, വീഡിയോ, ഓഡിയോ, മറ്റ് ഡിജിറ്റൽ ഡോക്യുമെന്റുകൾ, സർട്ടിഫിക്കറ്റുകൾ മുതലായവ)

- ചാപ്റ്ററിന്റെ പേര്
- മേൽവിലാസം
- സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ
- ചാപ്റ്റർ/മേഖലയിൽ വഹിക്കുന്ന ഭാരവാഹിത്വം
- ഫോൺ നമ്പർ
- ഇ-മെയിൽ ഐ.ഡി.,
- ചാപ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപത്രം
- മേഖലകളുടെ എണ്ണം
- പഠനകേന്ദ്രങ്ങളുടെ എണ്ണം
- പഠിതാക്കളുടെ എണ്ണം
- അധ്യാപകരുടെ എണ്ണം

അപേക്ഷ അയക്കേണ്ട അവസാന തീയതി: 2024 ജനുവരി 15

**5) ബോധി അധ്യാപക പുരസ്കാരം**
**(2 പേർക്ക് 25,000/- രൂപയും ഫലകവും പ്രശസ്തിപത്രവും)**

മലയാളം മിഷന്റെ ഏറ്റവും മികച്ച 2 അധ്യാപകർക്ക് (ഇന്ത്യയ്ക്കകത്തും വിദേശത്തുനിന്നുമുള്ള ഓരോ അധ്യാപകർ) പുരസ്കാരം നൽകും. 25,000/- രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വിവരങ്ങളാണ് ലഭ്യമാക്കേണ്ടത്.

- മലയാളം മിഷൻ സംഘടിപ്പിച്ച ഓഫ്‌ലൈൻ/ഓൺലൈൻ അധ്യാപക പരിശീലനം, സഹവാസക്യാമ്പ്, മലയാണ്മ, വിവിധ ശിൽപ്പശാലകൾ എന്നിവയിലുള്ള പങ്കാളിത്തം (എണ്ണം ഉൾപ്പെടെ).
- പഠിപ്പിക്കുന്ന പഠനകേന്ദ്രത്തിലെ കുട്ടികളുടെ എണ്ണം
- 2023 വർഷത്തിൽ എടുത്തിട്ടുള്ള ക്ലാസുകളുടെ എണ്ണം
- കോഴ്സുകളുടെ വിശദ വിവരങ്ങൾ.
- പഠിപ്പിക്കുന്ന പഠനകേന്ദ്രത്തിലെ കുട്ടികളുടെ പഠനോത്സവ നിലവാരം.
- മലയാളം മിഷൻ നടത്തുന്ന വിവിധ മത്സരങ്ങളിൽ പഠനകേന്ദ്രത്തിലെ കുട്ടികൾക്കുള്ള പങ്കാളിത്തവും സ്വയമുള്ള പങ്കാളിത്തവും.
- മലയാളം മിഷന് പുറമെ മറ്റ് സംഘടനകൾ, സ്ഥാപനങ്ങൾ നടത്തുന്ന സാഹിത്യ-വിജ്ഞാന മത്സരങ്ങളിലുള്ള പഠനകേന്ദ്രത്തിന്റെ പങ്കാളിത്തം
- അധ്യാപകരുടെ സർഗശേഷി - വിശദാംശങ്ങൾ (കലാസാഹിത്യ രചനകൾ)
- പാഠാസൂത്രണം തയാറാക്കുന്നതിലെ മികവ്.
- അധ്യാപക-രക്ഷാകർത്തൃബന്ധം.
- ലൈബ്രറി പ്രവർത്തനം.
- റേഡിയോ മലയാളം, പൂക്കാലം വെബ്മാഗസിൻ, ഭൂമിമലയാളം മുഖമാസിക എന്നിവയിലുള്ള പങ്കാളിത്തം
- മലയാളം മിഷന്റെ സോഷ്യൽ മീഡിയാ പേജുകളോടുള്ള പ്രതികരണം
- മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ-നേട്ടങ്ങൾ
- 20 മിനിറ്റ് ദൈർഘ്യമുള്ള ഒരു പഠനക്ലാസിന്റെ വീഡിയോ പ്രസന്റേഷൻ

ആവശ്യമായ രേഖകളോടൊപ്പം (പത്രവാർത്തകൾ, ഫോട്ടോകൾ, ഫേസ്ബുക്ക്/യൂട്യൂബ് ലിങ്കുകൾ, ഇതര സോഷ്യൽ മീഡിയാ ലിങ്കുകൾ, വീഡിയോ, ഓഡിയോ, മറ്റ് ഡിജിറ്റൽ ഡോക്യുമെന്റുകൾ, സർട്ടിഫിക്കറ്റുകൾ മുതലായവ)

- ചാപ്റ്ററിന്റെ പേര്
- മേൽവിലാസം
- ഫോൺ നമ്പർ
- ഇ-മെയിൽ ഐ.ഡി.
- പഠനകേന്ദ്രം
- ചാപ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപത്രം
- പ്രസ്തുത പഠനകേന്ദ്രത്തിലെ പഠിതാക്കളുടെ എണ്ണം

അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി: 2024 ജനുവരി 15

6) **ഭാഷാപ്രതിഭാ പുരസ്കാരം (25,000/- രൂപയും പ്രശസ്തിപത്രവും)**

മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിലെ മികവിനായി മലയാളം മിഷൻ ഭാഷാപ്രതിഭാ പുരസ്കാരം 2019 മുതൽ വിതരണം ചെയ്തു വരുന്നു.

25,000/- രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. മാതൃഭാഷാ സാങ്കേതിക വിദ്യാരംഗത്ത് പ്രഖ്യാപിക്കുന്ന കേരളത്തിലെ പ്രഥമ പുരസ്കാരമാണ് മലയാളം മിഷന്റെ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം. സമാനമായ തരത്തിൽ കേരളത്തിൽ മറ്റൊരു പുരസ്കാരം ഇതുവരെ നിലവിലില്ല. അന്തർദ്ദേശീയ തലത്തിലാണ് പുരസ്കാരം നിർണയിക്കുന്നത്.

- സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പരിഭാഷ
- യൂണിക്കോഡ് അംഗീകൃത ഫോണ്ട് രൂപീകരണം
- ഭാഷാപ്രചരണത്തിന് സാങ്കേതികവിദ്യയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനം.
- സാമൂഹ്യമാധ്യമങ്ങളിലെ മലയാളഭാഷാ വിനിമയത്തെ അനായാസമാക്കുന്നതിലുള്ള മികവ്
- മലയാളത്തനിമയുള്ള ഫോണ്ടുകളുടെ രൂപീകരണം

മേൽപ്പറഞ്ഞവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം നിർണയിക്കുന്നത്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. 2024 ജനുവരി 15 ന് അകം അപേക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞിരിക്കുന്ന 5 പുരസ്കാരങ്ങൾക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2024 ജനുവരി 15 ആണ്. **mm2023competition@gmail.com** എന്ന മെയിലിലേക്കാണ് അപേക്ഷകൾ അയക്കേണ്ടത്. വീഡിയോ 500 MB യിൽ താഴെ MP4 ഫോർമാറ്റിൽ ലഭ്യമാക്കണം.

മലയാളം മിഷൻ നിശ്ചയിക്കുന്ന പുരസ്കാര നിർണ്ണയ സമിതികൾ അപേക്ഷകൾ പരിശോധിച്ച് പുരസ്കാരം നിശ്ചയിക്കുന്നതാണ്. പുരസ്കാര നിർണ്ണയ സമിതികളുടെ തീരുമാനം അന്തിമമായിരിക്കും. 2024 ഫെബ്രുവരിയിൽ നടക്കുന്ന മലയാണ്മയിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

വിശ്വസ്തതയോടെ,

ആർ. മുരുകൻനായർ
ഡയറക്ടർ